(ഡി) പഴശ്ശി പദ്ധതിയുടെ അപ്പർ ഡാമായി ആറളം പദ്ധതി ഉദ്ദേശിക്കുന്നു. ഇതിന്റെ പരിശോധന നടന്നുവരുന്നു. കല്ലട ഡാമിന്റെ കഴുതുരുട്ടി ആറിൽ ഒരു സിൽറ്റ് കൺട്രോൾ വിയർ നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. മൂവാറ്റുപുഴയിൽ അപ്പർ ഡാമിന്റെ ആവശ്യമില്ല. പീച്ചി, വാഴാനി, ചിമ്മിനി പദ്ധതികളിൽ ഇത്തരം നിർദ്ദേശമില്ല.

(ഇ) പ്രോജക്ട് ഉപദേശകസമിതിയുടെ തീരുമാനപ്രകാരവും കർഷക സമിതിയുടെ ജലവിതരണ കലണ്ടർ പ്രകാരവും വേനൽക്കാലങ്ങളിൽ ടേൺ സിസ്റ്റം അനുസരിച്ചും ജലം നല്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വയനാട്ടിൽ ജലസേചനം നടത്തുന്നതിനുള്ള പദ്ധതികൾ

49 (2327) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിൽകൂടി ഒഴുകി കബനി നദിയിൽ ചേരുന്ന മാനന്തവാടി, പനമരം പുഴകളിൽ നിന്നും വയനാട്ടിൽ ജലസേചനം നടത്തുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുവാൻ കർണ്ണാടക തമിഴ്നാട് ഗവൺമെന്റുകളുടെ അനുമതി ആവശ്യമാണോ ;

(ബി) ലിഫ്റ്റ് ഇറിഗേഷൻ വഴി ഈ പുഴകളിലെ വെള്ളം കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) ലിഫ്റ്റ് ഇറിഗേഷൻ വഴി സ്വന്തമായോ സഹകരണാടിസ്ഥാനത്തിലോ ജലസേചന സൗകര്യം ഒരുക്കുന്ന കർഷകരെ സഹായിക്കുവാൻ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ഡി) വയനാട്ടിൽ ഏറ്റവും കൂടുതൽ വരൾച്ചയനുഭവപ്പെടുന്ന മുള്ളൻകൊല്ലി പുൽപ്പള്ളി പഞ്ചായത്തുകൾക്കാവശ്യമായ ജലം ഈ നദിയിൽ നിന്ന് പമ്പ് ചെയ്ത് കൊടുക്കുവാനുള്ള പദ്ധതി ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) ആവശ്യമാണ്.

(ബി) വയനാട് ചെറുകിട ജലസേചന വിഭാഗത്തിന്റെ കീഴിൽ താഴെപ്പറയുന്ന ലിഫ്ട് ഇറിഗേഷൻ പദ്ധതികൾ ഉണ്ട് :

1. താസിക്കൽ എൽ.ഐ. സ്കീം
2. കമ്മന എൽ.ഐ. സ്കീം
3. കൂടൽ എൽ.ഐ. സ്കീം
4. പനമരം എൽ.ഐ. സ്കീം
5. ചാലിഗദ്ധ എൽ.ഐ. സ്കീം
6. കൊളവള്ളി സ്റ്റേജ്-1 സ്കീം

LIBRARY ARCHIVES Kerala Legislative Assembly

7. മരകടവ് സ്റ്റേജ്-1 സ്കീം
8. പെരിക്കല്ലൂർ സ്റ്റേജ്-1 സ്കീം
9. ചെറിയമല സ്റ്റേജ്-1 സ്കീം
10. നടുവാടി സ്റ്റേജ്-1 സ്കീം
11. കല്ലടൂർപുഴ സ്റ്റേജ്-1 സ്കീം

ഈ പദ്ധതികൾ പൂർണ്ണമായി പ്രവർത്തിക്കുന്നു.

1. കൊയിലേരി എൽ.ഐ. സ്കീം
2. മലങ്കര എൽ.ഐ. സ്കീം
3. പായോട് (നോർത്തും സൗത്തും) എൽ.ഐ. സ്കീം
4. പാക്കം എൽ.ഐ. സ്കീം
5. താളൂർ എൽ.ഐ. സ്കീം

എന്നീ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

1. കൊളവള്ളി എൽ.ഐ. സ്കീം സ്റ്റേജ്-2
2. കോട്ടക്കുന്ന് എൽ.ഐ. സ്കീം സ്റ്റേജ്-2

എന്നീ പദ്ധതികൾ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കാരാപ്പുഴ ജലസേചന പദ്ധതി

50 (2328) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരാപ്പുഴ ജലസേചന പദ്ധതിയുടെ പണിയാരംഭിച്ചിട്ട് എത്രകാലമായി ;

(ബി) ഇതിന്റെ പണി പൂർത്തിയാക്കി എന്നേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിക്കുവേണ്ടി ഒഴിപ്പിക്കപ്പെടേണ്ട പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുവാനുള്ള പരിപാടിക്ക് രൂപം നൽകിയോ ;

(ഡി) എങ്കിൽ അത് നടപ്പിലാക്കിയോ ; ഈ പരിപാടിയുടെ വിശദാംശം നൽകുമോ ;

(ഇ) ജലദൗർലഭ്യം അനുഭവിക്കുന്ന വയനാട് ജില്ലയിൽ ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി കിണറുകളിൽ സമൃദ്ധമായി ജലം ലഭിക്കുമോ ;

(എഫ്) എങ്കിൽ എത്രയുംവേഗം ആ പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി എടുക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly